ഏസി.എച്ച്/2019

15.07.2019.

# പത്രക്കുറിപ്പ്

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019

## കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ യു.ജി/ പി.ജി. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിനുള്ള ലിസ്റ്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ലിസ്റ്റ് പരിശോധിക്കേണ്ടതാണ്. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏക ജാലക സംവിധാനം വഴി സമർപ്പിച്ച കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പും, കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം നിശ്ചിത തീയതികളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. യു.ജി കോഴ്സുകൾക്ക് ജൂലൈ 15, ജൂലൈ 16(വൈകുന്നേരം 5 മണി വരെ) തീയതികളിലും, പി.ജി കോഴ്സുകൾക്ക് ജൂലൈ 17, ജൂലൈ 18(ഉച്ചക്ക് 1 മണി വരെ) തീയതികളിലുമാണ് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

മേൽ പറഞ്ഞ തീയതികളിൽ കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്ന വിദ്യർത്ഥികളെ മാത്രം ഉൾപ്പെടുത്തി യു.ജി. 17.07.2019-ലും, പി.ജി. 18.07.2019-ലും റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തും. പ്രവേശന വെബ്സൈറ്റിലും കോളേജുകളിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടാകും.

അപേക്ഷകൻ നേരിട്ടോ, പ്രതിനിധി മുഖേനയോ മേൽ പറഞ്ഞ സമയത്തിനുള്ളിൽ കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജുകളിൽ ഒരു അപേക്ഷ സമർപ്പിച്ചാൽ മതി.

ഇപ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ അടിസ്ഥാനത്തിൽ യു.ജി കോഴ്സുകൾക്ക് റാങ്ക്പട്ടിക 17.07.2019-നും പി.ജി കോഴ്സുകൾക്ക് റാങ്ക്പട്ടിക 18.07.2019-നും അഡ്മിഷൻ വെബ്സൈറ്റിലും, കോളേജുകളിലും പ്രസിദ്ധീകരിക്കുന്നതാണ്.

ഇത്തരത്തിൽ പ്രസിദ്ധപ്പെടുത്തുന്ന റാങ്ക്പട്ടികയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം.

അഡ്മിഷൻ നടക്കുന്ന ദിവസം അപേക്ഷകനോ/അപേക്ഷകന്റെ പ്രതിനിധിയോ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 11 മണിക്കു മുൻപായി കോളേജിൽ ഹാജരാകേണ്ടതാണ്. 11 മണിക്കു ശേഷം ഹാജരാകുന്ന വിദ്യാർത്ഥികളെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേകഷയിൽ നൽകിയിരിക്കുന്ന വിവരത്തിൽ തെറ്റുകൾ കണ്ടെത്തുകയോ മേൽ നിർദേശിച്ച സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരാകാതെയിരുന്നാലോ റാങ്ക്ലിസ്റ്റിലെ അടുത്ത അപേക്ഷകനെ പരിഗണിക്കുന്നതാണ്.

പി.ജി. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്നവർ ജൂലൈ 19 തീയതി രാവിലെ 11 മണിക്കു മുൻപ് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം.

യു.ജി കോഴ്സായ ബി.എസ്സിക്ക് 18.07.2019-നും, ബി.കോം 19.07.2019-നും, ബി.എ. 20. 07.2019-നുമായിരിക്കും പ്രവേശനം. ഈ മൂന്നു ദിവസങ്ങളിലും രാവിലെ 11 മണിക്കകം ഹാജരായ വരെ മാത്രമേ പരിഗണിക്കുകയുള്ളു.

അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല. . കമ്മ്യൂണിറ്റി ക്വാട്ട ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടിയില്ലായെങ്കിൽ പോലും അവരുടെ മെറിറ്റ് ലിസ്റ്റിനെ ഒരുതരത്തിലും ബാധിക്കുകയില്ല. താൽപര്യമുണ്ടെങ്കിൽ മാത്രം കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നേടിയാൽ മതിയാകും.

കമ്മ്യൂണിറ്റി ക്വാട്ടയിലെ വിവിധ വിഷയങ്ങളിലെ സീറ്റുകളുടെ എണ്ണം വെബ്സൈറ്റിലും കോളേജ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രാർ

<u>**പ്രത്യേക കുറിപ്പ്:**</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)